## ക ത്തു ക ൾ

# അൽപം സ്നേഹ വിമർശനങ്ങൾ

**എം.എം** അക്ബർ എഴുതിയ 'മതസംവാദങ്ങൾ: തെറ്റും ശരിയും' എന്ന ലേഖനവും അതിന് മറുവാദമായി വന്ന കത്തുകളും വായിച്ചു. ഇസ്‌ലാമിക പ്രസ്ഥാനം മാത്രം ഉയർത്തിപ്പിടിച്ചിരുന്ന ഒരു സുപ്രധാന ദൗത്യത്തിലേക്ക്, അതിനെയും അതിന്റെ ആശയങ്ങളെയും തീവ്രമായി നേരിടുന്ന ഒരു സംഘടനയെയും അണികളെയും ഒരർഥത്തിൽ കൈപിടിച്ചെത്തിച്ച വ്യക്തിയെന്ന നിലയിൽ അക്ബർ സാഹിബ് ആദരവർഹിക്കുന്നു. സഹോദര സമുദായങ്ങളിലുള്ളവർക്ക് ദൈവിക മതത്തിന്റെ സന്ദേശം പകർന്നുകൊടുക്കുന്ന രചനാത്മക പ്രവർത്തനങ്ങളിൽ വ്യാപൃതരായ ജമാഅത്ത് പ്രവർത്തകർക്ക് മുമ്പൊക്കെ നേരിടേണ്ടിവന്ന 'നിങ്ങൾ മുസ്‌ലിംകളിൽ തൗഹീദും സുന്നത്തും മുഴുവനായി സ്ഥാപിച്ചുകഴിഞ്ഞോ?' എന്നു തുടങ്ങിയ വിമർശനങ്ങൾ ഇന്ന് കേൾക്കാനില്ല. അതിന്റെ ക്രെഡിറ്റ് അദ്ദേഹത്തിനാണ്. ഇസ്‌ലാമിക പ്രവർത്തകർ ഖുർആനും സുന്നത്തും ചരിത്രവും ഉദ്ധരിച്ച് മറുപടി പറയേണ്ട വിഷയങ്ങളിലൊന്നിന്റെ എണ്ണം കുറച്ചുതന്നത് അദ്ദേഹമാണ്. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളില്ലായിരുന്നുവെങ്കിൽ, ദീനിന്റെ സാമൂഹിക-രാഷ്ട്രീയ ഉള്ളടക്കത്തെ വിശദീകരിക്കാൻ ഇന്നും തുടരുന്ന ശ്രമകരമായ അധ്വാനങ്ങൾ പോലെ പ്രബോധനത്തിന്റെ പ്രാധാന്യത്തെ സംബന്ധിച്ചും വേണ്ടിവരുമായിരുന്നു.

പക്ഷേ, ചില കാര്യങ്ങളിൽ വിയോജിക്കേണ്ടി വരുന്നു. അദ്ദേഹത്തിന്റെ ലേഖനത്തിന്റെ തുടക്കത്തിൽ തന്നെ വ്യക്തമാക്കുന്നത്, മനുഷ്യജീവിതത്തെ സമ്പൂർണമായും സമൂലമായും പരിവർത്തിപ്പിക്കുന്ന ദൈവിക മാർഗദർശനമാണ് ഇസ്‌ലാം എന്നാണ്. എന്നാൽ ദീനിന്റെ മൗലികമായ ഈ സ്വഭാവത്തെ അനുവാചകർക്ക് മുമ്പിൽ അവതരിപ്പിക്കാൻ അദ്ദേഹത്തിന് കഴിയാറുണ്ടോ? സത്യവേദത്തിന്റെ നിർദേശങ്ങൾക്കനുസൃതമായ സാമൂഹിക വീക്ഷണവും പ്രാപഞ്ചിക വീക്ഷണവും അനുവാചകരുടെ ഹൃദയങ്ങളിൽ പകരാൻ സ്വാഭാവികമായ കാരണങ്ങളാൽ അദ്ദേഹത്തിന് കഴിയുന്നില്ലെങ്കിൽ വലിയൊരു പോരായ്മ തന്നെയാണത്. ദൈവമുണ്ടോ, ഉണ്ടെങ്കിൽ ഏതുതരം അസ്തിത്വത്തോടെ, എത്രയെണ്ണം എന്ന് തുടങ്ങിയ ചോദ്യങ്ങളോളം തന്നെ, സംഘർഷഭരിതവും അധർമകേന്ദ്രീകൃതവുമായ ആധുനിക കാലത്ത് ആ ദൈവത്തിൽനിന്ന് വല്ല വിമോചന തത്ത്വശാസ്ത്രവും ഉണ്ടോ, ഉണ്ടെങ്കിൽ അതിന്റെ പ്രായോഗികരൂപം ഏത് വിധത്തിൽ എന്നെല്ലാം അറിയാനുള്ള ജിജ്ഞാസ സത്യാന്വേഷകർക്ക് തീർച്ചയായും ഉണ്ടായിരിക്കും. ആ ജിജ്ഞാസയെ സംബോധന ചെയ്യാതെ ഇസ്‌ലാമിക പ്രബോധനം പൂർണമാകില്ല തന്നെ.

ഖുർആൻ അനുശാസിക്കുന്ന സംവാദ ധർമത്തിന് വിരുദ്ധമായി 'എല്ലാം ശരി'യെന്ന സർവമതസത്യവാദത്തിന്റെ മനസ്സുമായി സദസ്സ് വിട്ടുപോകുന്ന ശ്രോതാക്കളെ സൃഷ്ടിക്കുന്ന തരത്തിലാവരുത് സംവാദ വേദികളെന്ന് അദ്ദേഹം പറഞ്ഞത് തീർത്തും ശരി തന്നെ. അക്കാര്യത്തിൽ കാണിക്കുന്ന ജാഗ്രത പക്ഷേ അതിരുവിട്ട്, അവശ്യം വേണ്ട യുക്തിദീക്ഷക്ക് കോട്ടം വരുത്തുന്നതാവരുത്.

**ഇബ്നുഹാശിം മാഹി**

# അടഞ്ഞ വാതിലുകൾ അന്വേഷകരെ അകറ്റുന്നു

**ശൈഖ്** അഹമ്മദ്കുട്ടിയുമായുള്ള അഭിമുഖം വിലപ്പെട്ട ഒട്ടേറെ തിരിച്ചറിവുകൾ

നൽകുന്നതാണ് (ലക്കം 17,18). ബഹുസ്വരതയെ ഉൾക്കൊള്ളാൻ മടിക്കുന്ന, അസഹിഷ്ണുത പ്രകടിപ്പിക്കുന്ന അടഞ്ഞസമൂഹമായി പലസന്ദർഭങ്ങളിലും മുസ്‌ലിംകൾ മാറി എന്ന നിരീക്ഷണം ശ്രദ്ധേയമാണ്. അമുസ്‌ലിംകളെ പള്ളിയിലേക്ക് ക്ഷണിച്ചതിനും അറബിയിൽ ഖുത്വുബ നിർവഹിക്കാത്തതിനും ടൊറണ്ടോയിൽപോലും ലേഖകന് യാഥാസ്ഥിതികരുടെ വിമർശനം നേരിടേണ്ടിവന്നു. സാർവത്രികമായ ഈ സങ്കുചിതത്വമാണ് മുസ്‌ലിംകളെ പിന്നാക്കം തള്ളിയതും അപകടകരമാംവിധം തെറ്റിദ്ധരിക്കപ്പെടാൻ ഇടയാക്കിയതും.

ഇസ്‌ലാമിന്റെ സമ്പൂർണ സാംസ്കാരിക കേന്ദ്രമാണ് അഥവാ അങ്ങനെ ആയിരിക്കേണ്ടതാണ് പള്ളി. മുസ്‌ലിംകളല്ലാത്തവരെ പള്ളിയിൽ കയറ്റാൻ പാടില്ലെന്ന തെറ്റിദ്ധാരണയോ ദുശ്ശാഠ്യമോ ഇസ്‌ലാമിനും മുസ്‌ലിംകൾക്കും വരുത്തിവെച്ച നഷ്ടം നികത്താനാവാത്തതാണ്. ഈ സങ്കുചിത നിലപാടുമൂലം വലിയൊരു സമൂഹത്തിന് ഇസ്‌ലാമിന്റെ വെളിച്ചം നിഷേധിക്കപ്പെട്ടു. ഇസ്‌ലാമിനെക്കുറിച്ചും മുസ്‌ലിംകളെക്കുറിച്ചും ലോകത്താകമാനം(ഇന്ത്യയിൽ വിശേഷിച്ചും) ഭീമമായ തെറ്റിദ്ധാരണകൾക്ക് കാരണമാവുകയും ചെയ്തു. മദ്റസകളിൽ പഠിപ്പിക്കുന്നത് ഭീകരതയാണെന്നും പള്ളികൾ ഭീകരന്മാരുടെ താവളങ്ങളാണെന്നും പ്രചരിപ്പിക്കാൻ ഇത് ശത്രുക്കൾക്ക് അവസരവും ധൈര്യവും നൽകി.

കാനഡയിലെ ഇസ്‌ലാമിക് സെന്റർ ഇക്കാര്യത്തിൽ ധീരമായ പരീക്ഷണമാണ് നടത്തിയത്. കാനഡയിലെ മസ്ജിദുകൾ തുറന്ന ഭവനങ്ങൾ (open houses) എന്ന ബഹുമതിക്ക് അർഹമായി. ഈ സമീപനം എല്ലാവരും സ്വീകരിച്ചിരുന്നുവെങ്കിൽ ഇസ്‌ലാമിന്റെ സൗന്ദര്യം ആസ്വദിക്കാനും സാഹോദര്യസന്ദേശം ഉൾക്കൊള്ളാനും മുസ്‌ലിംകളെ അടുത്തറിയാനും സഹോദരസമുദായങ്ങൾക്ക് അവസരമുണ്ടാകുമായിരുന്നു. ഈ തുറന്ന സമീപനം സ്വീകരിച്ചേടങ്ങളിൽ അതിന്റെ പ്രതിഫലനം കാണാനുമുണ്ട്. അനേകം ബുദ്ധിജീവികൾ അവിടങ്ങളിൽ ആദർശമാറ്റത്തിന് തയാറായി.

മനുഷ്യൻ അവനറിയാത്തതിന്റെ ശത്രുവാണെന്ന ചൊല്ലിനെ അന്വർഥമാക്കുന്നതാണ് ഇന്ന് മുസ്‌ലിംകൾക്കെതിരിലുള്ള ആക്രോശങ്ങൾ. ഇസ്‌ലാമിനെ അടുത്തറിയാനുള്ള അവസരം നിഷേധിക്കുന്ന ഏതു നടപടിയും ഇസ്‌ലാമിനോടും പ്രവാചകനോടും ചെയ്യുന്ന കടുത്ത അപരാധമാണ്. അല്ലാഹു പ്രഖ്യാപിക്കാൻ പറഞ്ഞ കാര്യം മറച്ചുവെച്ചു എന്ന അപരാധം. അതിന്റെ ഭീകരഫലങ്ങളാണ് സമുദായം ഇന്നനുഭവിക്കുന്നത്.

ഫിഖ്ഹിൽ ശ്രദ്ധയൂന്നുകയും തസവ്വുഫ് അഥവാ ആത്മീയത വിസ്മരിക്കുകയും ചെയ്തതാണ് മുസ്‌ലിംകളുടെ ആരാധനകൾക്ക് ആത്മാവ് നഷ്ടപ്പെട്ടതെന്ന നിരീക്ഷണവും ശ്രദ്ധേയമാണ്. നമസ്കരിക്കുന്നുണ്ടെങ്കിലും അല്ലാഹുവിനോട് സംസാരിക്കുകയാണെന്ന ബോധം പലർക്കുമില്ല.

**കെ.പി ഇസ്മാഈൽ കണ്ണൂർ**

## ഈദുഗാഹുകൾ പുരോഹിതന്മാരെ വിറളിപിടിപ്പിക്കുന്നുവോ?

**നാട്ടിൽ** ഈദുഗാഹുകൾ വർധിച്ചുവരുന്നത് ചിലരെ വിറളി പിടിപ്പിക്കുന്നതായി തോന്നുന്നു. ജനം യാഥാർഥ്യങ്ങൾ കൂടുതലായി മനസ്സിലാക്കുന്നതിനനുസരിച്ച് സ്ത്രീകളുടെ പള്ളിയിലേക്കുള്ള വരവും ഈദുഗാഹുകളുടെ എണ്ണവും നാട്ടിൽ വർധിക്കുന്നു. ജനം സത്യം മനസ്സിലാക്കുമ്പോൾ തങ്ങളുടെ ആധിപത്യവും പിടിവള്ളിയും നഷ്ടപ്പെടുമെന്ന ഭയമാണ് പുരോഹിതന്മാരെ ഈദുഗാഹുകൾക്കെതിരെ രംഗത്ത് വരാൻ പ്രേരിപ്പിച്ചിട്ടുണ്ടാവുക. പെരുന്നാൾ നമസ്കാരം നടത്താൻ പറ്റിയ മൈതാനം കേരളത്തിൽ ഇല്ലെന്നുള്ള പണ്ഡിതന്മാരുടെ പ്രസ്താവന ബാലിശവും വിവരക്കേടു

മാണ്. കേരളത്തിന്റെ ഭൂപ്രകൃതിക്ക് അനുസൃതമായ മൈതാനങ്ങളാണ് ഇവിടെയുള്ളത്. ഇതിൽ മാറ്റം വരുത്തുക സാധ്യമല്ല തന്നെ. കേരളത്തിന്റെ പ്രകൃതിയല്ല അറബ്നാട്ടിൽ; അറബ്നാട്ടിലെ പ്രകൃതിയല്ല കേരളത്തിൽ. ഇവിടെ പെരുന്നാൾ നമസ്കാരത്തിനു പറ്റിയ മൈതാനം ഇല്ലെന്ന് പറയുന്നത് എന്ത് അർഥത്തിലാണ്?

സ്ത്രീപുരുഷന്മാർ ഇടകലരാൻ പാടില്ലെന്ന് ഇവർ പറയുന്നു. എവിടെയാണ് ഇടകലരുന്നത്? ഹജ്ജിനെക്കുറിച്ച് അറിയാത്തവരല്ലല്ലോ ഇവർ. പിന്നെ എന്തിനീ ബാലിശ വാദങ്ങൾ? സമുദായം ഇത് തള്ളിക്കളയുക തന്നെ ചെയ്യും.

**അബ്ദുൽമലിക് മുടിക്കൽ**

## *പ്രബോധനം* നൽകിയ പ്രചോദനം

**എനിക്ക്** അറിവിന്റെ ദിശകാണിച്ചു തന്നത് *പ്രബോധന*മാണ്. തമിഴ്നാട്ടിലെ കോയമ്പത്തൂരിൽ ഒരു മലയാളി കുടുംബത്തിൽ ജനിച്ച എനിക്ക് മലയാളം വായിക്കാനും എഴുതാനും അറിയില്ലായിരുന്നു. പഠിച്ചത് തമിഴ് മീഡിയത്തിൽ. ഇസ്ലാമിക ചുറ്റുപാടിൽ വളർന്ന എനിക്ക് ഇസ്ലാമിനെ കൂടുതൽ അറിയണമെന്ന് ആഗ്രഹമുണ്ടായി. അന്ന് വീട്ടിൽ ഉണ്ടായിരുന്നത് അറബി മലയാളത്തിലും അറബി, തമിഴ് ഭാഷകളിലുമുള്ള ഗ്രന്ഥങ്ങളായിരുന്നു. പിന്നെ ഉണ്ടായിരുന്നത് സഫല മാല, ബദർ മാല, മുഹ്‌യിദ്ദീൻ മാല പോലത്തെ മാലകളും കുപ്പിപ്പാട്ട് പോലെ അന്ധവിശ്വാസങ്ങൾ നിറഞ്ഞ ചില പാട്ടുകളും.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ മലയാളം വായിക്കാൻ പഠിച്ചു. 1966ലാണെന്നാണ് ഓർമ. ഒരു സുഹൃത്ത് *പ്രബോധനം* വായിക്കാൻ തന്നു. തുടർന്ന് മലപ്പുറത്തു നടന്ന ജമാഅത്തെ ഇസ്ലാമിയുടെ സംസ്ഥാന സമ്മേളനം മുതൽ എല്ലാ സമ്മേളനങ്ങളിലും പങ്കെടുക്കാൻ എനിക്ക് പ്രചോദനം നൽകിയത് *പ്രബോധന*മാണ്. ലോക ഇസ്ലാമിക പ്രസ്ഥാന ചലനങ്ങൾ അറിയാനും ഇസ്ലാമിക ചിന്തകന്മാരെ പരിചയപ്പെടാനും സഹായിച്ചത് *പ്രബോധന*മാണ്. ഇസ്ലാം ഒരു സമഗ്ര ജീവിതവ്യവസ്ഥയാണെന്നും മനസ്സിലാക്കി. അങ്ങനെ 1970-ൽ ജമാഅത്ത് അംഗമായി. *പ്രബോധന*ത്തിലെ ചില ലേഖനങ്ങൾ ഞാൻ തമിഴിലേക്ക് പരിഭാഷപ്പെടുത്തിയിട്ടുണ്ട്.

**പി.എ സെയ്തുമുഹമ്മദ് കോയമ്പത്തൂർ**

## ചുരുക്കെഴുത്ത്

**ഉത്തരാധുനികതയിൽ** പോസ്റ്റ് മാർക്സിസം കാലത്തെയും ഇസ്ലാമിന്റെ സമകാലിക ദൗത്യത്തെയും വേർതിരിച്ച് മനസ്സിലാക്കിത്തരാൻ സമദ് കുന്നക്കാവിന്റെ ലേഖനത്തിന് കഴിഞ്ഞിട്ടുണ്ട്. വളരെ വ്യത്യസ്തമായിത്തന്നെയാണ് ഇസ്ലാമിന്റെ ദിശയെക്കുറിച്ചും ദൗത്യത്തെക്കുറിച്ചും അദ്ദേഹം പ്രതിപാദിച്ചിരിക്കുന്നത്. ഇനിയും ഇത്തരത്തിൽ വൈജ്ഞാനിക മേഖലകളിൽ കലഹം സൃഷ്ടിക്കാൻ കഴിവുള്ള സൃഷ്ടികൾ പ്രതീക്ഷിക്കുന്നു.

**അബൂനിഹ്റ പറവണ്ണ**